# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1168** **04.02.2019 ൽ മറുപടിക്ക്**

## കോന്നി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | കോന്നി ഫയർ ആന്റ് റെസ്ക്യു സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി നൽകുന്നതിന് ഫയർ ആന്റ് റെസ്ക്യു വകുപ്പ് പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയതെന്നും ആയതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികളും വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഫയർ ആന്റ് റസ്ക്യൂ വകുപ്പ് പത്തനംതിട്ട അവരുടെ ആവശ്യകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13.04.2018 ലും 21.05.2018 ലുമായി പത്തനംതിട്ട കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 23.05.2018 ൽ ചീഫ് ആർക്കിടെക്ടിനോട് പ്ലാൻ തയ്യാറാക്കുന്നതിലേയ്ക്കായി ഡ്രോയിംഗ് ആവശ്യപ്പെടുകയും ചീഫ് ആർക്കിടെക്ട് ലഭ്യമാക്കിയ കരട് ആർക്കിടെക്ചറൽ ഡ്രോയിംഗിന്റെ പകർപ്പ് ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ (പത്തനംതിട്ട) പരിശോധനയ്ക്ക് നൽകിയിട്ടുള്ളതും പുതുക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് 20.10.2018 ൽ ചീഫ് ആർക്കിടെക്ടിൽ നിന്നും ലഭ്യമാകുകയും അത് അസിസ്റ്റന്റ് ഡിവിഷണൽ ഫയർ ഓഫീസർക്ക് കൈമാറുകയും ജില്ലാ ഫയർ ഓഫീസർ അംഗീകരിച്ച ടി ഡ്രോയിംഗ് 26.12.2018 ൽ വിശദമായ ആർക്കിടെക്ട് ഡ്രോയിംഗ് ലഭ്യമാക്കുന്നതിലേക്കായി ചീഫ് ആർക്കിടെക്ടിന് നൽകിയിട്ടുള്ളതുമാകുന്നു. |

| | |
|---|---|
| (ബി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് ആവശ്യപ്പെട്ടവ അടിയന്തരമായി കൈമാറുവാൻ നിർദ്ദേശം നൽകുമോ; | (ബി), (സി) & (ഡി) ചീഫ് ആർക്കിടെക്റ്റിൽ നിന്നും ഫൈനൽ ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്റ്റ് റിപ്പോർട്ട്, പ്ലാൻ തുടങ്ങിയവ തയ്യാറാക്കി എല്ലാ നടപടികളും പൂർത്തീകരിച്ച് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്നതാണ്. |
| (സി) ഇതിനോടകം നൽകിയിട്ടുണ്ടെങ്കിൽ ആയത് എന്നാണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) നാളിതുവരെ കൈമാറിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**